# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ പേരിലുള്ള ക്രിമിനൽ കേസുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5085

30.06.2014-ൽ മറുപടി

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസിലെ ഡി.വൈ.എസ്.പി റാങ്ക് മുതൽ മുകളിലേക്കുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഗുരുതരമായ ക്രിമിനൽ കേസുകൾ എടുത്തിട്ടുണ്ട്; ഇവരുടെ റാങ്ക് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | (എ) | 8 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>റാങ്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>ഡി.വൈ.എസ്.പി - 5<br>പോലീസ് ഇൻസ്പെക്ടർ ജനറൽ - 2<br>പോലീസ് അസിസ്റ്റന്റ് കമാണ്ടന്റ് എ.ആർ - 1 |
| (ബി) | ഗുരുതരമായ ക്രിമിനൽ കേസുകളിൽ പ്രതികളായി നിലവിൽ ഇപ്പോൾ എത്ര ഉന്നത പോലീസ് ഉദ്യോഗസ്ഥരാണ് കോടതി നടപടികൾ നേരിടുന്നത്; | (ബി) | ഒരാൾ |
| (സി) | കഴിഞ്ഞ 5 വർഷത്തിനിടയിൽ ക്രിമിനൽ കേസുകളിൽ കോടതിയുടെ ശിക്ഷാ നടപടികൾ ഏറ്റുവാങ്ങേണ്ടി വന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്ര; റാങ്കുതിരിച്ച് പട്ടിക ലഭ്യമാക്കാമോ; ഇവർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) | ആരും തന്നെയില്ല. |

സെക്ഷൻ ഓഫീസർ